*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 31A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

## ശ്രീ രാമ ശരൺ

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു!

“പ്രിയപ്പെട്ട സർ, പൂർണചന്ദ്ര ഹാളിൽ, എന്റെ പ്രഭാഷണത്തിനു മുമ്പായി, വേദിയിൽ സ്വാമിയുടെ അരികത്ത് ഇരിക്കുമ്പോൾ, സ്വാമി സ്വയം കോദണ്ഡപാണിയായ വളരെ പൊക്കമുള്ള ശ്രീ രാമചന്ദ്രനായി രൂപം മാറുന്നത് ഞാൻ ദർശിച്ചു. കോദണ്ഡം അവിടുത്തെ വില്ലാണ്. അവിടുന്ന് കിരീടധാരിയായിരുന്നു. അത്രയ്ക്ക് ഉയരം കുറഞ്ഞ സ്വാമി, സ്വയം രാമചന്ദ്രനായി രൂപം മാറുന്നത് എന്നെ അതിശയിപ്പിച്ചു, എന്നെ അമ്പരപ്പിച്ചു.” 95 വയസ്സോളം ജീവിച്ച ശ്രീ രാമ ശരണിന്റെ വാക്കുകളാണിവ.



ശ്രീ രാമ ശരൺ വളരെ, വളരെ ആദരണീയനായ ഒരു മനുഷ്യനാണ്. അദ്ദേഹത്തിന് ആന്ധ്രയിലും മറ്റു ചില സംസ്ഥാനങ്ങളിലും ധാരാളം അനുയായികളുണ്ട്. ശ്രീ രാമ ശരൺ ശ്രീ രാമചന്ദ്രനെക്കുറിച്ച് നൂറോളം ഗ്രന്ഥങ്ങൾ രചിച്ചയാളാണ്, അതിൽ 60 വാല്യങ്ങൾ ഭാഗവതത്തെപ്പറ്റി, കൃഷ്ണനെപ്പറ്റിയാണ്. അടിസ്ഥാനപരമായി, ശ്രീ രാമ ശരൺ രാമചന്ദ്രന്റെ ഭക്തനാണ്, അദ്ദേഹം ഇപ്പോൾ ബപട്‌ല ജില്ലയായി വിഭജിക്കപ്പെട്ട ഗുണ്ടൂർ ജില്ലയിൽ ഒരു ആശ്രമം പണിതിട്ടുണ്ട്. ബുദ്ദം എന്ന ചെറിയ ഗ്രാമത്തിലാണ് അദ്ദേഹം ആശ്രമം പണിതിട്ടുള്ളത്. ശ്രീ രാമ ശരൺ രാമന്റെ ഉത്കട ഭക്തനാണ്, രാമന്റെ നാമം വഹിക്കുന്ന, ‘ശ്രീ

രാമ ജയ രാമ ജയ ജയ രാമാ' എന്നെഴുതിയ അഥവാ അച്ചടിച്ച വസ്ത്രമാണ് അദ്ദേഹം ധരിക്കുക.

അദ്ദേഹം സ്വന്തം ഭക്ഷണം സ്വയമേവ ഉണ്ടാക്കുകയാണ്. ആഹാരമുണ്ടാക്കുമ്പോൾ, അദ്ദേഹം ഓരോ കഷണവും എടുത്തിട്ട്, ഓരോ ധാന്യമണിയും എടുത്തിട്ട് "ശ്രീ രാമ ജയ രാമ ജയ ജയ രാമാ" എന്ന് നാമം ജപിക്കും; പച്ചക്കറി നുറുക്കുമ്പോൾ "ശ്രീ രാമ ജയ രാമ ജയ ജയ രാമാ" ജപിക്കും. അങ്ങനെ, ഭക്ഷണം പോലും രാമനാമം ജപിച്ചുകൊണ്ടാണ് അദ്ദേഹം തയ്യാറാക്കുക. അത്തരം മനുഷ്യനാണ് അദ്ദേഹം!




എനിക്ക് അദ്ദേഹത്തെ വ്യക്തിപരമായി അറിയാം. അദ്ദേഹം പലവട്ടം പ്രശാന്തിനിലയം സന്ദർശിക്കുന്നതും ഞാൻ കണ്ടിരിക്കുന്നു, അദ്ദേഹം ഭഗവാൻ ബാബയെക്കുറിച്ചും ഒരു പുസ്തകം എഴുതിയിട്ടുണ്ട്.

ശ്രീ രാമശരൺ ഗുണ്ടൂരിലെ 'രാമനാമ ക്ഷേത്ര'ത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു, 100 കൊല്ലത്തിലധികം പഴക്കമുണ്ടതിന്. അദ്ദേഹം വർഷം തോറും അവിടം സന്ദർശിക്കുകയും ഏതാനും സാധനാ ക്യാമ്പുകൾ നടത്തുകയും ചെയ്യും. ശ്രീ രാമശരണിന് സമ്പാദ്യമോ അഥവാ വരുമാനമോ സ്വന്തമായി ഇല്ല. സ്ഥലങ്ങൾ തോറും സഞ്ചരിക്കുന്നതിനുള്ള കൂലി അദ്ദേഹത്തിന്റെ അനുയായികളാണ് നൽകിയിരുന്നത്. അത്ര മാത്രം!

അദ്ദേഹവുമൊത്തുള്ള എന്റെ ഒരു അനുഭവം എനിക്ക് നിങ്ങളോട് പറയാനാവും. ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ 'വെങ്കിടേശ്വര വിജ്ഞാന മന്ദിർ' എന്നൊരു സ്ഥലമുണ്ട്. അദ്ദേഹം അവിടെ വേദിയിലിരുന്നുകൊണ്ട് പ്രഭാഷണം നടത്തുകയായിരുന്നു, പ്രഭാഷണത്തിനൊടുവിൽ സദസ്യരിലൊരാളായി എന്നെ കണ്ടപാടെ, അദ്ദേഹം എന്നെ വിളിച്ചു, "അനിൽകുമാർ, ഇവിടെ വരൂ!" ഞാൻ പെട്ടെന്ന് അദ്ദേഹത്തിന്റെ അടുത്തുചെന്നു.

അദ്ദേഹം പറഞ്ഞു, ''എന്റെ ഇടതു വശത്തുള്ള കറൻസി എടുക്കൂ, എന്റെ ഇടതുവശത്തെ പോക്കറ്റിലാണ്. എന്റെ ഷർട്ടിന്റെ ഇടതുവശത്തായുള്ള പോക്കറ്റിൽനിന്ന് കറൻസി നോട്ടുകൾ എടുക്കൂ.'' ഞാൻ ആ കറൻസി നോട്ടുകൾ എടുത്തു. ഇത് സംഭവിച്ചത് പൊതു വേദിയിൽവച്ചായിരുന്നു.




''അനിൽകുമാർ, താങ്കളത് എണ്ണൂ, ഈ തുക ഈ മീറ്റിംഗിന്റെ സംഘാടകർക്ക് നൽകൂ. എനിക്ക് പണം വേണ്ട. എന്റെ യാത്രച്ചെലവുകളൊക്കെ എന്റെ അനുയായികൾ വഹിച്ചുകൊള്ളും. എനിക്ക് പണത്തിന്റെ ആവശ്യമില്ല.'' അദ്ദേഹം ആ തുക സംഭാവന ചെയ്തിട്ട് കാലിയായ കീശയുമായാണ് അവിടം വിട്ടുപോയത്. അതായിരുന്നു ശ്രീ രാമശരൺ! അതായിരുന്നു ശ്രീ രാമശരൺ!

വലിയ പുരുഷാരത്തിനിടയിൽ, ഏതെങ്കിലുമൊരു കോണിലായി എന്നെ കാണുകയാണെങ്കിൽ, അദ്ദേഹം ഉച്ചത്തിൽ പ്രഖ്യാപിക്കും, ''ഓ! അനിൽകുമാർ ഇവിടെ വന്നതിൽ എനിക്ക് സന്തോഷമായി.'' അദ്ദേഹമിത് കേൾക്കുകയാണെങ്കിൽ, അദ്ദേഹം ഇത് എല്ലാവരുമായും, ആന്ധ്രാപ്രദേശ് സംസ്ഥാനമുടനീളം, പങ്കുവച്ചേനേ. ശ്രീ രാമശരണിനെക്കുറിച്ച് ചുരുക്കി ഇത്രയുമാണ് എനിക്ക് പറയാനാവുക.

അദ്ദേഹത്തിന്റെ പ്രശാന്തിനിലയം സന്ദർശനങ്ങളിലൊന്നിൽ, ഞാൻ ചെന്ന് അദ്ദേഹത്തോട് തിരക്കി, "സർ, സ്വാമിയെ സംബന്ധിച്ചുള്ള അങ്ങയുടെ ആദ്യത്തെ അനുഭവം എന്നോട് പറയുമോ?"

അദ്ദേഹം ഇനി പറയുന്ന രീതിയിൽ വിവരിക്കാൻ തുടങ്ങി. "അനിൽകുമാർ, ഞാനൊരു ബാബാ ഭക്തനല്ല. ഞാൻ പ്രഭു ശ്രീരാമചന്ദ്രന്റെ ഭക്തനാണ്. ഞാൻ എന്റെ ജീവിതം മുഴുവനും ചെലവഴിച്ചത് അവിടുത്തെ തിരുനാമം, അവിടുത്തെ സന്ദേശം, പ്രചരിപ്പിക്കുന്നതിനായും പിന്നെ സാധന സംബന്ധിച്ചുള്ള ഗ്രന്ഥരചനയ്ക്കായുമാണ്."

അപ്പോൾ ഞാൻ ചോദിച്ചു, "സർ, അങ്ങ് ഭഗവാന്റെയടുത്ത് വരാനിടയായത് എങ്ങനെയാണ്?"



അപ്പോൾ രാമശരൺ മറുപടി നൽകി, "നാളുകൾക്ക് മുമ്പ്, ഞാൻ നാഗയലങ്ക എന്ന സ്ഥലത്ത്, ആന്ധ്രാപ്രദേശിലെ കൃഷ്ണ ജില്ലയിലെ നാഗയലങ്കയിൽ, പ്രഭാഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു."

ശ്രീ രാമശരൺ അവിടെ ഏതാനും മാസങ്ങൾ നീണ്ടുനിൽക്കുന്ന പ്രഭാഷണപരമ്പര നടത്തുന്നുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഏതാനും അനുയായികൾ അദ്ദേഹത്തെ സമീപിച്ചിട്ട് പറഞ്ഞു, "സർ, അങ്ങ് ഇപ്പോഴും രാമനിൽത്തന്നെ ഒട്ടിനിൽക്കുന്നത് എന്തിനാണ്? രാമൻ പുട്ടപർത്തിയിൽ ശ്രീ സത്യ സായി ബാബയുടെ രൂപത്തിൽ പുരവതരിച്ചിരിക്കുന്നത് അങ്ങറിഞ്ഞില്ലേ? അങ്ങെന്താണ് അവിടുന്നിന്റെ സമീപത്തേക്ക് പോവാത്തത്? അങ്ങെന്താണ് അവിടുന്നിനെ കാണാത്തത്, കാരണം അവിടുന്ന് അതേ രാമനാണ്. അങ്ങ് പ്രഭുവിനെ ആരാധിക്കുന്നുണ്ടല്ലോ. എന്തുകൊണ്ടാണ് അങ്ങ് അവിടെപ്പോയി പ്രഭുവിനെ ദർശിക്കാത്തത്?" ഇപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ അനുയായികൾ ചോദിച്ചത്.

ശ്രീ രാമശരണിന്റെ പെട്ടെന്നുള്ള പ്രതികരണം ഇങ്ങനെയായിരുന്നു, "ഈ അസംബന്ധം നിർത്ത്! എന്ത് വിഡ്ഢിത്തമാണ് നിങ്ങൾ സംസാരിക്കുന്നത്! എന്റെ രാമൻ വീണ്ടും അവതരിച്ചു എന്നാണോ നിങ്ങൾ പറയുന്നത്? അങ്ങനെ പറയാതിരിക്കൂ!"

അദ്ദേഹത്തോടുള്ള ആദരവും ബഹുമാനവും കാരണം, അവരെല്ലാവരും പിന്നെ മിണ്ടിയില്ല. അവർ സ്വന്തം വായ പൂട്ടി. എന്നിട്ടെന്തു സംഭവിച്ചു? അന്നു വൈകുന്നേരം തന്നെ,

അദ്ദേഹത്തിന് നല്ല പനിയായി. ശരീരം വിറയ്ക്കാൻ തുടങ്ങി. വരുന്ന കുറച്ചു ദിവസ ത്തേക്ക് തനിക്ക് പ്രഭാഷണം നടത്താനാവുമോയെന്ന് അദ്ദേഹം സംശയിച്ചു, കാരണം ശരീരത്തിന്റെ ചൂട് അത്രയ്ക്ക് ഉയർന്നതായിരുന്നു. എന്താണ് ചെയ്യുക? അപ്പോൾ പെട്ടെന്ന് ഈ ചിന്ത അദ്ദേഹത്തിലേക്ക് കടന്നുവന്നു: ‟എന്റെ അനുയായികളുടെ അഭിപ്രാ യമനുസരിച്ച്, എന്റെ പ്രഭു രാമചന്ദ്രൻ സത്യസായി ബാബയായി പുനരവതരിച്ചിരിക്കുക യാണെങ്കിൽ, എന്റെ ഇപ്പോഴത്തെ പനി ശമിക്കും.'' വിചിത്രമെന്നു പറയട്ടെ, അദ്ദേഹത്തി ന്റെ ചൂട് സാധാരണ നിലയിലായി, 98.4.

എന്നാൽ, അദ്ദേഹമിത് ഒരു വെല്ലുവിളിയായി എടുത്തു. അദ്ദേഹത്തിനിത് സ്വീകരിക്കാൻ കഴിഞ്ഞില്ല. ‟എന്തു സംഭവിക്കുമെന്ന് നോക്കട്ടെ.'' അദ്ദേഹം അവിടെയുള്ള ഒരു തടാക ത്തിലേക്ക്, അടുത്തുള്ള ഒരു തടാകത്തിലേക്ക് പോയി, തണുത്ത വെള്ളത്തിൽ കുളിച്ചു. ഈശ്വരനോടുള്ള ഒരു വെല്ലുവിളി! ‟എന്റെ പനി ശരിക്കും കുറഞ്ഞതാണെങ്കിൽ, ഈ കുളിയോടെ, ചൂട് കൂടണം.'' ചൂട് ഉയർന്നില്ല. അദ്ദേഹം വീട്ടിലേക്ക് മടങ്ങി, അത്താഴം കഴിച്ചു, പതിവുള്ള അത്താഴം-കറി, ചട്നി, സാമ്പാർ എല്ലാം സഹിതം. തന്റെ ശരീരോ ഷ്മാവ് കൂടുമോയെന്ന് അറിയാനായി മാത്രം! ചൂട് ഉയർന്നില്ല. നോർമൽ! അദ്ദേഹത്തിന് തന്റെ പ്രഭാഷണം തുടരാനായി, അപ്പോൾ അദ്ദേഹം പ്രശാന്തിനിലയത്തിലേക്ക് വരുന്ന തിന് തീരുമാനിച്ചു.

പക്ഷേ വളരെ ക്ഷീണിതനായിരുന്നതിനാൽ, അദ്ദേഹം യാത്രയ്ക്ക് ഒരുക്കമായിരുന്നില്ല, കാരണം അക്കാലത്ത് ഒരുവന് 19 മണിക്കൂർ യാത്ര ചെയ്യേണ്ടിയിരുന്നു, 19 മണിക്കൂർ! ട്രെയിനിന് ഗുണ്ടക്കൽ വരിക, ട്രെയിൻ മാറി ധർമ്മാവരത്ത് എത്തുക, ബസ് പിടിച്ച് പുട്ട പർത്തിയിൽ എത്തുക. വളരെ ആയാസകരമായ, നീണ്ട യാത്ര! അദ്ദേഹം വളരെ ക്ഷീണി തനായിരുന്നു! അതുകൊണ്ട്, പിന്നീടൊരിക്കൽ വരാം എന്നു ചിന്തിച്ച്, ഈ ട്രിപ്പ് റദ്ദു ചെയ്യുന്നതിന് അദ്ദേഹം ആഗ്രഹിച്ചു.

അപ്രതീക്ഷിതമായി, റെയിൽവേ സ്റ്റേഷനിൽവച്ച്, അദ്ദേഹത്തിന്റെ ഒന്നു രണ്ട് അനുയായി കൾ അദ്ദേഹത്തിന്റെ അടുത്തുചെന്നിട്ട് പറഞ്ഞു, ‟സർ, ഞങ്ങൾ പുട്ടപർത്തിയിലേക്ക് പോവുകയാണ്. ഞങ്ങൾ അങ്ങയെ അനുഗമിക്കാം.''

അവരുടെ സഹായത്തോടെ രാമശരൺ ആദ്യമായി പ്രശാന്തിനിലയത്തിൽ ഉച്ചകഴിഞ്ഞ് ഏതാണ്ട് 1.30 മണിയോടെ എത്തിച്ചേർന്നു. നിങ്ങൾക്കറിയാവുന്നപോലെ, സ്വാമി രാവിലെ 9.30-ാടെ തിരികെപ്പോവും, സായാഹ്ന ദർശനം 5 മണിക്കാണ്. ഈ മനുഷ്യൻ എത്തിയത് അപരാഹ്നം 1 മണിക്കോ 1.30 -നോ ആണ്.

ഗേറ്റിൽ നിന്നുകൊണ്ട് രാമശരൺ പറഞ്ഞു, ''എന്റെ രാമചന്ദ്രൻ സത്യസായി ബാബയുടെ രൂപത്തിൽ പുനരവതരിച്ചിരിക്കുകയാണെങ്കിൽ, അല്ലയോ സത്യസായി ബാബ, അങ്ങ് എന്റെ രാമനാണെങ്കിൽ, അവിടുന്ന് താഴെ ഇറങ്ങിവന്ന് എനിക്ക് ദർശനം നൽകണം.''

ഒരു തുറന്ന വെല്ലുവിളിയായിരുന്നു അത്, ചുറ്റിനും അനുയായികളും! ഭാഗ്യത്തിന്, ദിവ്യപദ്ധതിയനുസരിച്ച്, സ്വാമി താഴെ ഇറങ്ങിവന്നു, സാധാരണയായി അതൊരിക്കലും സംഭവിക്കാത്തതാണ്, കതകു തുറന്നിട്ട് ഉറക്കെ വിളിച്ചു, ''രാമശരൺ, ഇവിടെ വരൂ!''

''ഓ! അവിടുന്നിന് എന്റെ പേരറിയാം!'' അദ്ദേഹം അതിശയിച്ചു. അദ്ദേഹം സ്വാമിയുടെ അടുത്ത് ചെന്നു.



സ്വാമി പറഞ്ഞു, ''ഓ! നീ വന്നോ! നിന്റെ പനി എങ്ങനെയുണ്ട്? നീ നിന്റെ യാത്ര ഒഴിവാക്കാനാഗ്രഹിച്ചു. നിന്റെ അനുയായികളാണ് നിന്നെ കൊണ്ടുവന്നത്. നിന്റെ പനി കൂടുമെന്ന് ചിന്തിച്ച് നീ കുളിച്ചു, അത്താഴം കഴിച്ചു. അത് നടന്നില്ല. എനിക്കറിയാം, നീ കാന്റീൻ ആഹാരമൊന്നും കഴിക്കില്ലെന്ന്, നീ സ്വന്തം ഭക്ഷണം ഉണ്ടാക്കി കഴിക്കുകയാണെന്ന്. എനിക്കതറിയാം! അതുകൊണ്ട് നിനക്കുവേണ്ടി ഞാനൊരു മുറി റിസർവു ചെയ്തിട്ടുണ്ട്. നീ ചെല്ലൂ, എല്ലാ പലചരക്കു സാധനങ്ങളും അവിടെയുണ്ട്. നിനക്ക് നിന്റേതായ രീതിയിൽ പാകം ചെയ്യാം, വൈകുന്നേരം 5 മണിക്ക് പൂർണചന്ദ്ര ആഡിറ്റോറിയത്തിൽ വരൂ. ഇത് ദസറ സീസണായതിനാൽ, നീ അവിടെ വരൂ!'' എന്നിട്ട് സ്വാമി പോയി.

രാമശരൺ അതിശയിച്ചുപോയി. അവിടുന്നിന് എന്റെ പേര് എങ്ങനെയറിയാം? എനിക്ക് പനിയാണെന്ന് എങ്ങനെയറിഞ്ഞു? ഞാൻ തണുത്ത വെള്ളത്തിൽ കുളിച്ചതും പതിവുള്ള ആഹാരം കഴിച്ചതും, എന്നിട്ടും പനി കൂടാതിരുന്നതും അവിടുന്ന് എങ്ങനെയറിഞ്ഞു? എനിക്കുവേണ്ടി അവിടുന്ന് ഒരു മുറി, അതും വേണ്ട സാധനങ്ങളുമായി, ഒരുക്കിയത് എങ്ങനെ? അദ്ദേഹത്തിന് വിശ്വസിക്കാനായില്ല. ഒരു വിധത്തിൽ, അദ്ദേഹം ഊണു കഴിച്ചിട്ട് വൈകുന്നേരം 5.00 മണിക്ക് പൂർണചന്ദ്ര ആഡിറ്റോറിയത്തിലെത്തി, 50-ാമത്തെയോ 60-ാമത്തെയോ വരിയിലിരുന്നു.

അവിടെ ആദ്യമായി എത്തുന്ന, വളരെ സാധാരണക്കാരനായ ഒരു വ്യക്തിയെ, അദ്ദേഹം ഒരു പുണ്യാത്മാവാണെങ്കിൽക്കൂടി, ആരാണ് ആദ്യത്തെ വരിയിൽ ഇരുത്തുക? അദ്ദേഹം വല്ല വിധേനയും അവസാന വരികളിലൊന്നിൽ ഇരിക്കുകയായിരുന്നു. സ്വാമിയുടെ ശൈലിയെന്നത്, അവിടുന്ന് ആഡിറ്റോറിയമാകെ രണ്ടോ മൂന്നോ വട്ടം കറങ്ങും, ഓരോരുത്തർക്കും ദിവ്യദർശനത്തിന്റെ സൗകര്യം ലഭിക്കത്തക്കവിധം. അവിടുന്ന് അത്രയും ദൂരം നടക്കും.

രാമചന്ദ്രനെ, ഈ ശ്രീ രാമശരണിനെ കണ്ടിട്ട്, സ്വാമി പറഞ്ഞു, "രാമശരൺ,

എണീൽക്ക്!" അവിടുന്ന് അദ്ദേഹത്തെ കൈകൊണ്ട് പിടികൂടി നേരേ വേദിയിലേക്ക് കൂട്ടി



ക്കൊണ്ടുപോയി. അവർ ഇരുവരും വേദിയിലേക്ക് ചെന്നു, സ്വാമി രാമശരണിനെ അവിടുത്തെ അരികത്തായി കസേരയിൽ ഇരുത്തി. ശരി, അദ്ദേഹത്തിന് സന്തോഷമായി. ഈ സമയത്താണ് സ്വാമി ശ്രീ രാമചന്ദ്രനായി രൂപം മാറുന്നത് രാമശരൺ കണ്ടത്.

ബാബ രാമൻതന്നെയാണ് എന്നതിനുള്ള ഒരു ഉറപ്പായിരുന്നു അത്, മറ്റൊന്നുമായിരുന്നില്ല! എന്നിട്ട് സ്വാമി അദ്ദേഹത്തോട് സംസാരിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം അതിശയിക്കാൻ തുടങ്ങി, "ഞാൻ സംസാരിക്കുമെന്ന് അവിടുന്നിന് എങ്ങനെയറിയാം?" ഏതായാലും ഉടനടി സ്വാമി പറഞ്ഞു, "നീ സംസാരിക്കൂ, നീ ഭക്തിയെക്കുറിച്ച് സംസാരിക്കൂ." മറ്റെന്തിനെക്കുറിച്ചോ ആണ് അദ്ദേഹം സംസാരിക്കാമെന്നു കരുതിയിരുന്നത്. സ്വാമി പറഞ്ഞു, "വേണ്ട, വേണ്ട! ഇവർ പൊതുവിലുള്ള സദസ്യരാണ്, ഇതെപ്പറ്റി സംസാരിക്കൂ..."

"ഞാൻ സംസാരിക്കാനാഗ്രഹിച്ച വിഷയം അവിടുന്ന് എങ്ങനെയറിഞ്ഞു?"

ശരി! അദ്ദേഹം ഒരു പ്രഭാഷണം ചെയ്തു, അതിനു ശേഷം അദ്ദേഹം തന്റെ മുറിയിലേക്ക് പോയി; അത് ദസറയുടെ അവസാന ദിവസമായിരുന്നു, സ്വാമി യജ്ഞത്തിലെ പുരോഹിതരെയെല്ലാം ആദരിക്കുകയായിരുന്നു, രാമശരൺ വിളിക്കപ്പെട്ടില്ല. അനുയായികൾക്കൊക്കെ വളരെ വിഷമമായി, എന്നാൽ പൊടുന്നനെ സ്വാമി കതകു തുറന്നു, രാമശരണിനെ വിളിച്ചു, അദ്ദേഹത്തെ ആലിംഗനം ചെയ്തു, ആലിംഗനം ചെയ്തുകൊണ്ട് അരുളി, ''നീയും ഞാനും ഒന്നാണ്.'' അവിടുന്ന് അദ്ദേഹത്തിനായി ലക്ഷ്മി ലോക്കറ്റുള്ള ഒരു മാല സൃഷ്ടിച്ചു. ലക്ഷ്മി ധനദേവതയാണല്ലോ.

രാമശരൺ പറഞ്ഞു, ''സ്വാമീ, ഇപ്പോളെന്തിനാണ് ധനം? എന്റെ എല്ലാ സമ്പത്തും അവിടുത്തെ നാമം പ്രചരിപ്പിക്കാനായും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനായും ഞാൻ ചെലവിട്ടു. എനിക്ക് ആവശ്യമില്ല.''

അപ്പോൾ സ്വാമി പറഞ്ഞു, ''ഒരു പുസ്തകം പ്രിന്റിലാണ്. ആ പ്രിന്റേഴ്സിന് നീ പൈസ കൊടുക്കാനുണ്ട്. നിനക്ക് പണം ലഭിക്കും. ഈ മാല എടുക്കൂ.''

അദ്ദേഹം മാല സ്വീകരിച്ച് തിരിച്ചുപോയി. എന്നിട്ട് എന്തു സംഭവിച്ചു? അദ്ദേഹത്തിന് സകല ലോണുകളും, കടങ്ങളും വീട്ടാനായി. ഒരു ദിവസം, കുളിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് ആ മാല നഷ്ടമായി. വളരെ പരിഭ്രമിച്ച്, വലിയ വേദനയോടെ, ഉടൻതന്നെ അദ്ദേഹം കരഞ്ഞുകൊണ്ട് പ്രശാന്തിനിലയത്തിലെത്തി, ''സ്വാമീ, മാല നഷ്ടമായിരിക്കുന്നു!''

സ്വാമി പറഞ്ഞു, ''നീ എല്ലാ ബില്ലുകളും കൊടുത്തുകഴിഞ്ഞു. നിനക്കിനി എന്തിനാണ് ലക്ഷ്മി, ധനദേവത? അവർ എന്റെയടുത്തേക്ക് തിരികെ പോന്നു!'' സ്വാമി പറഞ്ഞു.

ഇതാണ് ശ്രീ രാമ ശരണിന്റെ കഥ. സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)